9th Feb 2022

: **ATM കാർഡ്**

ATM കാർഡിന്റെ രൂക്ഷമായ ക്ഷാമം മൂലം ഇടപാടുകാർക്ക് ഉണ്ടാകുന്ന അസൗകര്യങ്ങളും ശാഖകളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടും സംബന്ധിച്ച് ഇന്ന് ചെയർമാനുമായി സംസാരിച്ചു. മുഴുവൻ സംഘടനകളും ഒരുമിച്ച് സംസാരിക്കാൻ ആയിരുന്നു ആഗ്രഹിച്ചിരുന്നത് എങ്കിലും BMS, AIBEA സംഘടനകൾ താല്പര്യം കാണിക്കാത്തതിനാൽ BEFI, INTUC സംഘടനകൾ മാത്രമാണ് സംസാരിക്കാൻ ഉണ്ടായിരുന്നത്.

**ATM കാർഡിന്റെ ലഭ്യതക്കുറവ് ബാങ്കിന്റെ ബിസിനസ്സിനെ കാര്യമായ രീതിയിൽ ബാധിച്ചു കൊണ്ടിരിക്കുകയാണ്. ആളുകൾ അക്കൗണ്ട് ക്ലോസ് ചെയ്തു പോകുന്ന അവസ്ഥയിൽ വരെ കാര്യങ്ങൾ എത്തി നിൽക്കുകയാണ്. മറ്റൊരു ബാങ്കിലും ഇത്രത്തോളം മോശപ്പെട്ട അവസ്ഥ ഇല്ലാത്തതും ഇവിടെ രൂക്ഷത വർദ്ധിച്ചതും മാനേജ്മെന്റ് കെടുകാര്യസ്ഥതയാണെന്നും ഉടൻ പരിഹാരം കാണുന്നതിനായി അധിക വില കൊടുത്തായാലും ATM കാർഡ് വാങ്ങിക്കാൻ നടപടി സ്വീകരിക്കണമെന്നും നാം ആവശ്യപ്പെട്ടു.**

ബോർഡ് നിർദേശമനുസരിച്ച് കനറാ ബാങ്ക് മുഖാന്തിരം RFP quote ചെയ്തിട്ടുണ്ടെന്നും കൂടാതെ തങ്ങളുടേതായ നിലയിൽ ചെയ്യാവുന്നതൊക്കെ ചെയ്യുന്നുണ്ട് എന്നും ചെയർമാൻ അറിയിച്ചു.

**ഈ വിഷയത്തിൽ ഇടപാടുകരോട് മറുപടി പറയേണ്ടത് മാനേജ്മെന്റ് ആണ് എന്നും ജീവനക്കാരെ ബലിയാടാക്കാൻ സമ്മതിക്കില്ല എന്നും ആയതിനാൽ മാനേജ്മെന്റ് തന്നെ കാര്യങ്ങൾ വിശദീകരിച്ച് നോട്ടീസ് ഇറക്കണം എന്നും 25000 രൂപ വരെയുള്ള withdrawal ഏതൊരു ശാഖയിൽ നിന്നും ലഭ്യമാക്കാൻ തീരുമാനം എടുക്കണമെന്നും നാം ആവശ്യപ്പെട്ടു. നമ്മുടെ ആവശ്യങ്ങളോട് അനുകൂലമായാണ് ചെയർമാൻ പ്രതികരിച്ചത്. പക്ഷെ ഇതൊന്നും കാതലായ പ്രശ്നത്തിന് പരിഹാരമാകില്ല എന്നതിനാൽ ആവശ്യത്തിന് ATM കാർഡുകൾ ഉടൻ ലഭ്യമാക്കിയില്ലെങ്കിൽ കടുത്ത നടപടികളിലേക്ക് പോകാൻ സംഘടനകൾ നിർബന്ധിതരാകുമെന്നും മാനേജ്മെന്റിന് ശക്തമായ താക്കീത് നൽകി.** ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യുമെന്ന ചെയർമാന്റെ ഉറപ്പിലാണ് ഇന്നത്തെ ചർച്ച താൽക്കാലികമായി അവസാനിപ്പിച്ചത്. അശാസ്ത്രീയമായ മാനേജ്മെന്റ് നീക്കങ്ങളാണ് ഈ അവസ്ഥയ്ക്ക് കാരണം എന്നതിനാൽ ഉടൻ പരിഹാരം ഉണ്ടായില്ലെങ്കിൽ കൂടുതൽ ശക്തമായ പ്രതിഷേധങ്ങളിലേക്ക് കടക്കാൻ മുഴുവൻ ജീവനക്കാരും തയ്യാറെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജനറൽ സെക്രട്ടറി**

**KGBEU OU (BEFI)**

**KGBSA OC (INTUC)**